# ഭാഗം 16 ആത്മകഥയും ജീവചരിത്രവും

**ഉള്ളടക്കം**


16.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
16.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1 കൗതുകത്തിന്റെ കളിത്തൊട്ടിൽ
16.2 പാഠസംഗ്രഹം
16.3 കുറിപ്പുകൾ
പുരോഗതി സ്വയം പരിശോധിക്കുക—1
16.4 വിഷയാവതരണവും പാഠഭാഗവും
പാഠം-2 ഗുരുശിഷ്യന്മാർ ജീവചരിത്രം
16.5 പാഠസംഗ്രഹം
16.6 കുറിപ്പുകൾ
പുരോഗതി സ്വയം പരിശോധിക്കുക—2
16.7 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം


## 16.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

ജനനവും മരണവും ജന്തുജീവിതത്തിലെ സുനിശ്ചിതമായ രണ്ടു ബിന്ദുക്കളാണ്. ഇവയ്ക്കു മധ്യത്തിലുള്ള കാലവും കർമ്മങ്ങളുമാണ് ജീവിതം. ദീർഘകാലത്തെ മനുഷ്യന്റെ ജീവിതാനുഭവങ്ങൾ അവന്റെ പ്രവൃത്തികൾക്ക് ഒരു ഏകദേശക്രമം നൽകി. ഈ ക്രമീകരണം അവനുൾക്കൊള്ളുന്ന സമൂഹത്തിന്റെ ഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹിക ജീവിയായ മനുഷ്യന് തന്റെ പ്രവൃത്തികൾ, മററാളുകളുടെ പ്രവൃത്തികളുമായി ബന്ധപ്പെടുത്തി നിയന്ത്രിക്കേണ്ടതുണ്ട്. ഏതു പ്രവർത്തനവും മറെറാരാളിൽ പ്രതികരണം ഉണ്ടാക്കും. അതുകൊണ്ട് ഒരാളിന്റേയും ജീവിതത്തെ 'ഒററപ്പെട്ട ഒന്ന്'' എന്ന രീതിയിൽ കാണാനാവില്ല. സമൂഹത്തിന്റെ അനിവാര്യമായ ഘടകമാണ് വ്യക്തി. അതേ വ്യക്തിയുടെ ജീവിതവും സമൂഹത്തിന്റെ പ്രവാഹത്തെ ശക്തമാക്കുന്നു. ഒററയായിക്കാണുന്ന ജീവിതങ്ങളുടെ സമാഹാരത്തെയാണ് നാം സമൂഹം എന്നു പറയുന്നത്. സമൂഹത്തിനു കാലവും ദേശവും ആയി ബന്ധമുണ്ട്. കാലദേശങ്ങളുടെ പശ്ചാത്തലത്തിലേ വ്യക്തിജീവിതത്തേയും കാണാനാവൂ എന്നു ചുരുക്കം.

എന്താണ് ജീവിതം? ബന്ധങ്ങൾ, സുഹൃത്തുക്കൾ, എതിരാളികൾ എന്നിവരുടെ പ്രവർത്തനങ്ങളോടുള്ള പ്രതികരണമാണ് അത്. സാമൂഹിക പ്രശ്നങ്ങളോടുള്ള പ്രതികരണം എന്നതിലുപരി ഒരു വ്യക്തിയുടെ ജീവിതത്തിന് വല്ല പ്രാധാന്യവും ഉണ്ടോ? സമൂഹത്തിന്റെ ക്രിയകൾക്കുള്ളിൽ ഒതുങ്ങുന്ന ക്രിയകൾ മാത്രമേ വ്യക്തികൾക്കുള്ളൂ എന്നു പറയാം. ഇതു സാധാരണക്കാരുടെ കാര്യം. എന്നാൽ കാലത്തെ അതിവർത്തിക്കാൻ കെല്പുള്ള ചിലരുണ്ട്. അവർ കാലത്തിനു മുമ്പേ സഞ്ചരിച്ച് കാലത്തെ നയിക്കുന്നു. അസാധാരണ പ്രവർത്തനങ്ങളിലൂടെ ഇക്കൂട്ടർ കാലത്തിന്റെ നിയന്ത്രണം ഏറെറടുക്കുന്നു. ഇവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്തു സമൂഹം ചലിക്കുന്നതു കാണാം. ഇവരെയാണ് നാം മഹാന്മാർ എന്നു വിളിക്കുന്നത്.

പല രീതിയൽ മഹത്വം നേടിയെടുക്കുന്നവരുണ്ട്. ചിലർ സേവനങ്ങളിലൂടെ ലോകത്തെ കീഴടക്കുന്നു. മഹാത്മാഗാന്ധി, മദർ തെരേസാ തുടങ്ങിയവർ ഈ കൂട്ടത്തിൽ പെടുന്നു. കർമ്മത്തിൽ ഊന്നിക്കൊണ്ട് സമൂഹത്തിന്റെ മുമ്പിൽ കടന്നെത്താൻ അവർക്കു കഴിഞ്ഞു. മററു ചിലർ തങ്ങളുടെ ബുദ്ധിപരമായ പ്രവർത്തനങ്ങളാൽ സമൂഹത്തിന്റെ മുന്നണിയിൽ സ്ഥാനം പിടിച്ചവരാണ്. ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും ഇത്തരക്കാരാണ്. ഇനിയും ചിലർ പ്രതിഭാവിലാസംകൊണ്ട് മഹത്വം നേടുന്നു. സാഹിത്യസേവനങ്ങളിലൂടെ സമൂഹത്തെ രൂപപ്പെടുത്തുകയും, അതിന്റെ ഗതിക്രമങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നവരാണ് ഇവർ. ആരും മറെറാരാളേക്കാൾ താഴെയാണ് എന്ന് പറഞ്ഞുകൂടാ. കാരണം സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ ഓരോരുത്തർക്കും ഉളള സ്ഥാനം മറെറാരാൾക്കു നികത്താൻ കഴിയാത്തതാണ്. അത്രത്തോളം അവർ സാമൂഹ്യപുരോഗതിയുമായി ബന്ധപ്പെട്ടു നിൽക്കുന്നു. അവരുടെ ചെയ്തികൾ സമകാലീനരിൽനിന്നും വിഭിന്നമായിരിക്കും. പിൻതലമുറയ്ക്ക് അവ അനുഭവപാഠമാകണമെങ്കിൽ രേഖപ്പെടുത്തണം. ജീവിതസംഭവങ്ങളെ അടുക്കും ചിട്ടയോടുംകൂടെ, സാഹിത്യമേന്മയോടുകൂടെ അവതരിപ്പുക്കുമ്പോൾ സാഹിത്യകൃതിയായി മാറുന്നു. അതിന് ജീവചരിത്രം എന്ന് പറയാം.

ഒരാൾ സ്വന്തം ജീവിതാനുഭവങ്ങൾ വിവരിക്കുമ്പോൾ ആത്മകഥയാവുന്നു. മറെറാരാളുടെ ആത്മകഥ നാം വായിക്കുന്നതെന്തിനാണ്? ഒരാളിന്റെ ജീവിതം ഇന്നവിധത്തിലായിരുന്നു എന്നു അറിഞ്ഞിട്ട് നമുക്ക് എന്തു മെച്ചമാണുളളത്? പ്രവർത്തനങ്ങളിലൂടെ സമൂഹത്തിനു മാർഗ്ഗനിർദ്ദേശം നൽകിയ ഒരാൾ എന്നും നമുക്കു വഴി കാട്ടിയാണ്. പ്രതിസന്ധികൾ തരണം ചെയ്യേണ്ടിവരുമ്പോഴും സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽപെട്ട് ഉഴലുംപ്പോഴും അവർ നമ്മെ സഹായിക്കും. നാം ഏററുമുട്ടി പരാജയപ്പെടുന്ന സാഹചര്യങ്ങളിൽ മഹാന്മാർ എങ്ങനെ വിജയം വരിച്ചു എന്നു കണ്ട് പിഴവുകൾ ഒഴിവാക്കി ലക്ഷ്യത്തിൽ എത്താൻ ശ്രമിക്കാവുന്നതാണ്. നമ്മുടെ മാനസിക വികാസത്തിനു പ്രേരകമാവുകയും നമ്മെ കർമ്മോത്സുകരാക്കുകയും ചെയ്യുകയാണ് ആത്മകഥ ചെയ്യുന്നത്.

ആത്മകഥയിലെ ഭാഷയിൽ ഭാഷാപരമായ എന്തെങ്കിലും പ്രത്യേകതകൾ കാണണമെന്നില്ല. ഒരു സാഹിത്യകൃതിയിൽ കാണുന്ന സാധാരണപ്രയോഗങ്ങൾ മാത്രമേ ഇതിലും പ്രതീക്ഷിക്കേണ്ടതുളളൂ.

## 16.1 വിഷയാവതരണം

മരിച്ചിട്ടും മരിക്കാത്ത ചിലരുണ്ട്. ഓർമ്മകളിലൂടെ മനുഷ്യമനസ്സിൽ കുടികൊളളുന്നവർ. അവരത്രേ മഹാന്മാർ. അനന്തമായ കാലത്തിൽ ആകാശദീപംപോലെ പ്രകാശിക്കുന്ന ഈക്കൂട്ടർ അനവധിയുണ്ടാവില്ല. സുദീർഘമായ കാലത്തിനിടയിൽ ഒരു വ്യക്തിയുടെ ജീവിതകാലം ഒന്നുമല്ല. പക്ഷേ ചരിത്രഗതിയെ തന്നെ പിടിച്ചു നിർത്താനും ആ ഒഴുക്കിന് വേറെ ചാലു കീറാനും അവർക്ക് കഴിയും. ആ മഹദ്വ്യക്തികളെ അവരുടെ വാക്കുകളിലൂടെ തന്നെ മനസ്സിലാക്കാൻ കഴിയുക എന്നത് വലിയ ഒരനുഭവമല്ലേ? അതു ക്രമീകരിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുമ്പോൾ ആത്മകഥയാവുന്നു. അവരുടെ അനുഭവങ്ങളും ജീവിതം തന്നെയും ചിലപ്പോൾ പ്രേരണാസ്രോതസ്സും ശക്തികേന്ദ്രവുമായിത്തീരാം. മഹാത്മാ ഗാന്ധിയുടെ ''എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ'' എന്ന ആത്മകഥയെക്കുറിച്ച് ആലോചിച്ചു നോക്കൂ. ''എന്റെ കഥ'' എന്ന ജവഹർലാൽ നെഹ്റുവിന്റെ ആത്മകഥ അദ്ദേഹത്തിന്റെ ആത്മകഥ മാത്രമല്ല അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ കൂടി ആത്മകഥയായിത്തീർന്നിരിക്കുന്നു. മലയാളസാഹിത്യത്തിന് പുതിയൊരു ഉണർവും പ്രശസ്തിയും ഉണ്ടാക്കിക്കൊടുത്തവരിൽ ഒരു മഹാകവി ഉണ്ടായിരുന്നു; ''ജി'' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന മഹാകവി ജി. ശങ്കരക്കുറുപ്പ്. 1901 ജൂൺ 3-ന് അദ്ദേഹം ജനിച്ചു. അമ്മ കിടങ്ങൂർ ശങ്കരവാര്യരുടെ പുത്രിയായ ലക്ഷ്മിക്കുട്ടി. നെല്ലിക്കാപ്പിളളി വാര്യത്തു ശങ്കരവാര്യരാണ് അച്ഛൻ. 1978-ൽ മരിച്ചു. ദീർഘമായ ജീവിതകാലത്തിനിടയിൽ നാല്പതോളം കൃതികൾ അദ്ദേഹം രചിച്ചു. ഇന്ത്യയിലെ ഏററവും വലിയ പുരസ്കാരമായ ജ്ഞാനപീഠപുരസ്കാരം ആദ്യമായി ലഭിച്ച ഭാരതീയൻ ഇദ്ദേഹമാണ്. നിരവധി അവാർഡുകൾ വേറേയും ലഭിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ ആദ്യകാല ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി സംഭവങ്ങൾ വിവരിക്കുകയാണ്, 'ഓർമ്മകളുടെ ഓളങ്ങളിൽ' എന്ന കൃതിയിൽ. 1978-ൽ എസ്.പി.സി.എസ്. പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ നിന്നെടുത്ത ഒരു ഭാഗം താഴെ ചേർക്കുന്നു. ഒരു പ്രതിഭാശാലിയുടെ പ്രവർത്തനങ്ങൾ ഭാഗികമായി മനസ്സിലാക്കുവാൻ ഇത് സഹായിക്കും. ഒരു കവി തന്റെ ജീവിതാനുഭവം വിവരിക്കുമ്പോൾ കവിത പൊട്ടിവിടരുന്ന ഗന്ധം അനുഭവപ്പെടുന്നുണ്ടോ എന്ന് സ്വയം തീരുമാനിക്കുക.

## പാഠം-2 കൗതുകത്തിന്റെ കളിത്തൊട്ടിൽ —ജി ശങ്കരക്കുറുപ്പ്

1923 സെപ്റ്റംബറിലാണ്, 'സാഹിത്യകൗതുക'ത്തിന്റെ പ്രഥമഭാഗം പ്രസിദ്ധപ്പെടുത്തിയതെന്നു പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അക്കാലത്തു ടെക്സ്റ്റ് അല്ലെങ്കിൽ കവിതകളും മററു കൃതികളും വേഗം വിററഴികയില്ല. വിററഴിഞ്ഞാൽത്തന്നെ പ്രസാധകന്മാർ അതു വെളിപ്പെടുത്തുകയില്ല. 'കാവ്യംയശസേ' എന്നു കവികളും 'അർത്ഥകൃതേ' എന്നു പ്രസാധകന്മാരും കരുതിയിരുന്നപോലെ തോന്നും. എന്നോടു നേരിട്ടു ചിലർ പുസ്തകം വാങ്ങി; അതിന്റെ വിലകൂടി മാനേജരെ ഏല്പിക്കയാണ് ഞാൻ ചെയ്തത്. എന്റെ സമാഹാരം മുദ്രണം ചെയ്യാൻ ചെലവായ പണം പ്രസാധകനു ലഭിച്ചതിനുശേഷമേ, എന്നിക്കു വല്ലതും ലാഭത്തിൽ നിന്നു കിട്ടണമെന്ന് ആഗ്രഹമുണ്ടായിരുന്നുള്ളൂ. ബി.വി. ബുക്ക്ഡിപ്പോക്കാർ എന്നോടു പെരുമാറിയതെങ്ങനെ എന്ന് ഇവിടെ വിവരിച്ചാൽ അഭംഗിയാകും.

കവിതയെഴുതാൻ ഉന്മേഷം ഏറിയേറി വന്നിരുന്നെങ്കിലും, പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ടു സർഗ്ഗാത്മകങ്ങളല്ലാത്ത ചില പണികാം അക്കാലത്ത് ഏറെറടുക്കേണ്ടി വന്നിട്ടുണ്ട്. വിദ്യാവിനോദിനിയുടെ ചില പണികാം ഇക്കാലത്ത് ഏറെറടുക്കേണ്ടി വന്നിട്ടുണ്ട്. വിദ്യാവിനോദിനിയുടെ ഉടമസ്ഥനായ വിശ്വനാഥയ്യർ എന്റെ നില അറിഞ്ഞിരുന്നു. 'ശ്രീകൃഷ്ണചരിതം' മണിപ്രവാളം അക്കാലത്തു മലബാർ സ്കൂളിൽ ഏതെങ്കിലും ക്ളാസ്സുകളിൽ പാഠ്യപുസ്തകമായി വരാറുണ്ട്. ശ്രീ. അയ്യർ എന്നെക്കൊണ്ട് പന്ത്രണ്ടു സർഗ്ഗത്തിനും വ്യാഖ്യാനം എഴുതിച്ചു. മുപ്പത്താറു രൂപയായിരുന്നു പ്രതിഫലം, മൊത്തത്തിൽ. 'കൊച്ചിബ്ഭൂമിശാസ്ത്രം', 'ഹൈദരാലി', 'ടിപ്പു', ' ഹരിശ്ചന്ദ്രൻ', 'ധർമ്മപുത്രർ', 'രാജനന്ദിനി' മുതലായ ഗദ്യകൃതികാം നിസ്സാരമായ പ്രതിഫലം മാത്രം വാങ്ങിയവയാണ്. 'രാജനന്ദിനി' അഞ്ചുകൊല്ലം കൊച്ചിയിലും അഞ്ചാറുകൊല്ലം മലബാറിലും ഉപപാഠപുസ്തകമായിരുന്നു. അന്ന് എന്നെ സ്നേഹിച്ചിരുന്ന ശ്രീ പുത്തേഴത്തു രാമൻമേനോൻ പ്രസാധകന്മാരുടെ അപേക്ഷ ആദരിച്ച് ആ കൊച്ചു പുസ്തകത്തിന് നല്ലൊരവതാരിക എഴുതി. എനിക്ക് അത്യാവശ്യമായ ഏഴുപത്തഞ്ചു രൂപ മാത്രമാണ് മാനുസ്ക്രിപ്ററ് കൊടുത്തപ്പോാം തന്നത്. പകർപ്പവകാശം പബ്ളിഷർസ് എന്ന് വച്ചടിക്കാൻ മറന്നില്ല, എന്നിട്ടും! എന്നാലും കൃതജ്ഞതാപൂർവ്വം സമ്മതിക്കണം, ഇങ്ങനെ അത്യാവശ്യത്തിനു കുറച്ചു പണം കിട്ടിവന്നതിനാലാണ്, മനസ്സിന് സ്വൈരമായി പ്രവർത്തിക്കാൻ സന്ദർഭം ലഭിച്ചിരുന്നതിനാലാണ്, സാഹിത്യകൗതുകം രണ്ടാം ഭാഗം 1925ലും മൂന്നാം ഭാഗം 1927ലും പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞത്. ദൈനംദിനജീവിതത്തിന്റെ ഭാരം ഭാവനയുടെ ചിറകിൽ തൂങ്ങിയില്ല.

സാഹിത്യകൗതുകം ഒന്നാം ഭാഗത്തിന്റെ അവതാരികയിൽ സി.എസ്സ്. നായർ എഴുതിയിട്ടുണ്ട്. "ഒരു പരിവർത്തനദശാഘട്ടത്തിലാണ് മലയാളസാഹിത്യം ഇപ്പോാം..... മലയാള കവികളുടെ വീക്ഷണഗതിക്കും ആശയഗതിക്കും വ്യക്തമായ വ്യതിയാനം ഉണ്ടായിട്ടുണ്ട്. പ്രകൃതി സൗന്ദര്യത്തിന്റെ ചിത്രീകരണം, സ്തോഭജനനം, പ്രകൃത്യനുവർത്തനം, ഔചിത്യദീക്ഷ എന്നിവയാണ് ഈ പുതിയ പരിവർത്തനത്തിന്റെ ലക്ഷണങ്ങാം." പരിവർത്തനത്തിന്റെ ലക്ഷണങ്ങളിൽ ചിലതിതാണ്; കാരണമോ? പാശ്ചാത്യസാഹിത്യത്തിന്റേയും സംസ്ക്കാരത്തിന്റേയും സംഘർഷത്താലുളവായ ഉത്തേജനം, ധാർമ്മികവും സാമുദായികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിലുണ്ടായ നവോന്മീലനം, ഒന്നാം ലോകമഹായുദ്ധത്തിനുശേഷം നേരിട്ട മോഹഭംഗത്തിൽ നിന്നു പുതുരൂപം പൂണ്ട സ്വതന്ത്ര സമരപ്രസ്ഥാനം, റഷ്യയിലുണ്ടായിക്കൊണ്ടിരുന്ന ദൂരവ്യാപകമായ ആർത്ഥിക-സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ വിപ്ളവങ്ങളുടെ അവ്യക്തങ്ങളായ ചിറേറാളങ്ങാംകൊണ്ടു മൂല്യബോധനത്തിലും മററും വന്നുകൊണ്ടിരുന്ന നടുക്കം—ഇതിന്റെയെല്ലാം ഫലമായി ഇന്ത്യയുടെ നിശ്ചലപ്രായമായിരുന്ന ഹൃദയവും ആത്മാവും ഉണർന്നു. മിഴി തുറന്നു. ജീവിതവും പ്രകൃതിയും പുതിയ ശക്തിയോടെ ഭാവനയേയും വികാരങ്ങളേയും സങ്കല്പങ്ങളേയും ആദർശങ്ങളേയും സ്പർശിക്കാൻ തുടങ്ങി. ബോധചക്രവാളം തന്നെ വിപുലവും നവചൈതന്യപൂർണ്ണവുമായി. 1911-ൽ ജോർജ്ജ് പഞ്ചമന്റെ കിരീടധാരണത്തെ വാഴ്ത്തിയ മഹാകവി വള്ളത്തോാം പത്തുകൊല്ലം കഴിഞ്ഞപ്പോാം പ്രിൻസ് ഓഫ് വെയിൽസ് നീട്ടിയ പട്ടും വളയും മര്യാദയോടെ നിരസിച്ചെന്നു പറഞ്ഞാൽ അന്തരീക്ഷത്തിൽ വന്ന മാററത്തിന്റെ അന്യാദൃശത ഊഹിക്കാം. 1911-ൽ മെഡൽ മേടിക്കാൻ കിരീടധാരണോത്സവത്തിൽ സന്നിഹിതനായ നാമയ്ക്കിൽ രാമലിംഗംപിള്ള തികഞ്ഞ ഗാന്ധീയനായി, തമിഴ്നാട്ടിലെ ദേശീയ സ്വരമായി ഉയർന്നു, ഈ ഘട്ടത്തിൽത്തന്നെ. മുകളിൽ സൂചിപ്പിച്ച സർവ്വതോമുഖവും സർവ്വാശ്ലേഷിയും ആയ നവചേതനതന്നെയാണ് നമ്മുടെ പദ്യസാഹിത്യത്തിന്റെ രൂപഭാവപരിവർത്തനത്തിനു നിദാനം. "ഗതാനുഗതികത്വം വിട്ട്" നവനവോല്ലേഖ

കല്പനത്തിൽ'' എന്ന വാക്യഭാഗം കൊണ്ട്, സി.എസ്സ്. നായർ ഈ നവോത്ഥാനം തന്നെയാരിക്കണം വിവക്ഷിക്കുന്നതും. ആശാനും വള്ളത്തോളും ഈ നവ ചൈതന്യ പ്രചോദനത്താലാണ്, കുറെ സഞ്ചരിച്ചു തേഞ്ഞ പൗരാണിക സാങ്കേതിക സരണിയിൽനിന്ന് കാല്പനിക പ്രസ്ഥാനത്തിലേക്കു കടന്നു വേഗം പുരോഗമിച്ചത്. ഉള്ളൂർ അവരെ അനുഗമിച്ചതും മറ്റൊന്നുംകൊണ്ടുമല്ല.

''ശബ്ദാർത്ഥങ്ങൾക്കുള്ള ത്യല്യഭംഗി ഇത്രമാത്രമുള്ള കൃതികൾ മലയാളത്തിൽ അധികമുണ്ടായിട്ടില്ല''. നമ്മുടെ സാഹിത്യ നൗക സങ്കുചിതമായ ഒരു കുല്യയെ അതിലംഘിച്ചു വിസ്തൃതമായ ജലാശയത്തെ തരണം ചെയ്‌വാൻ തുടങ്ങിയിരിക്കുന്ന ശോഭന മുഹൂർത്തമാണ് സന്നിഹിതമായിരിക്കുന്നത്—ഇങ്ങനെ അഭിനന്ദനവും ആശീർവാദവും നേടി മഹാകവി ഉള്ളൂരിൽനിന്നും 'കൗതുക' പ്രഥമ ഭാഗമെങ്കിലും പാറയും മണ്ണും തള്ളിമാററി വെളിച്ചത്തിനു പുറത്തേക്കു മുഖമുയർത്തുന്ന ഒരങ്കുരമായതാണ്, സാങ്കേതിക മാർഗ്ഗത്തിൽ നിന്നു കടന്നുപോരാൻ വെമ്പുന്ന അതിലെ പ്രതിഭ ഓർമ്മിപ്പിക്കുന്നത്. എൻെറ വിഭാവനാശക്തി വിശിഷ്ടമാണെന്നും നിരീക്ഷണചാതുര്യം നിരതിശയമാണെന്നും ശ്ളാഘിച്ചിട്ട് ''പയററലിൻെറ പോരായ്മകൊണ്ടും പരിചയത്തിൻെറ കുറവിനാലും പാകക്കുറവോ പന്തികേടോ വന്നു പോയിട്ട് ഉണ്ടെങ്കിൽ'' എന്ന് സി. എസ്സ്. നായർ വാത്സല്യപൂർവ്വം ചൂണ്ടിക്കാണിക്കുന്നത് ഈ ക്ളേശത്തെയാണെന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു പിന്നെ.

സാഹിത്യകൗതുകത്തിൻെറ രണ്ടാം ഭാഗത്തിലേക്കു കടക്കുമ്പോഴേക്കും എൻെറ ഭാവന കുറേക്കൂടി ഉന്മിഷിതവും ഭാഷ കുറേക്കൂടി സരളവും ഭാവം കുറേക്കൂടി ഹൃദയംഗമവുമാകുന്നുണ്ടെന്ന് തോന്നുന്നു. ശ്രീ. വി. ഉണ്ണിക്കൃഷ്ണൻ നായർ ''പ്രസന്നമായ തൂലികയിൽനിന്ന്'' എന്ന് പ്രശംസിച്ചിട്ടുള്ളത്, കലക്കം മിക്കവാറും മാറിയ പ്രസാദസുഭഗമായ കവിതാഗതിയെ അഭിവീക്ഷിച്ചു കൊണ്ടു തന്നെയായിരിക്കണം. ''സാരഭക്തി മാർഗ്ഗത്തിലൂടെത്താൻ പ്രപഞ്ചൈകസാരഥേ, തെളിച്ചാലുമെൻമനോരഥം കൂടി'' എന്ന പ്രാർത്ഥനയോടുകൂടി അവസാനിക്കുന്ന ഗീതിക്കു വൈദികമായ സാരള്യവും ശുദ്ധിയും ഉണ്ട് എന്നു പണ്ഡിതനായ അനന്തനാരായണശാസ്ത്രി ഒരു കത്തിലൂടെ ശ്ളാഘിച്ചു, അതു പുറപ്പെട്ട കാലത്തു തന്നെ.
ഒന്നാം ഭാഗത്തിൽ അനേകം നഗ്നരാഷ്ട്രീയ കവിതകളുണ്ട്.
പരിത:സ്ഥിതിജന്യമായ മാനസിക ചലനത്തിനു പ്രതിഫലനമാണ് അത്. രണ്ടാം ഭാഗത്തിലേക്കു കടക്കുമ്പോൾ അങ്ങനെയുള്ള നിർമ്മിതികൾ തീരെ ഇല്ലാതായിരിക്കുന്നു. എന്തുകൊണ്ടാണത്? മലബാർ ലഹളയ്ക്കുശേഷം കേരളത്തിൽ സ്വാതന്ത്ര്യസമരം തളർന്ന മട്ടായി; മാത്രമല്ല, അസ്പൃശ്യതാ നിവാരണാദി നിർമ്മാണാത്മക പദ്ധതിയിലേക്കു മാത്രമായി ശ്രദ്ധ. കേരളത്തിനു പുറത്തെ സ്ഥിതിയും ഭിന്നമായിരുന്നില്ല. 'ഒരു തുടവുകാരൻ' എന്ന കവിത ബ്രിട്ടീഷ് ജയിലിൽ നരകിച്ചിരുന്ന രാജ്യസ്നേഹിയുടെ അവ്യക്തമായ ഒരു ഛായതന്നെയാണ്.

തിരുവില്വാമല ഏകാദശി ഒരു പ്രാദേശികോത്സവം മാത്രം. അയിത്തംകൊണ്ട് അതിദൂരെ നില്ക്കേണ്ടവരും ദരിദ്രരും ആയ നായാടികൾ മലന്തണ്ടിൻെറ മുകളിൽനിന്ന് ചില്ലിക്കാശിനു വഴിയരികെ ചട്ടിവച്ചു വിളിച്ചു നിലവിളിക്കുന്ന കാഴ്ച അന്നു മർമ്മഭേദകമായിത്തോന്നി. 'ഒരു കാശോരുകാശ്'' എന്ന ലഘുകവിത അന്നു വൈകുന്നേരം എഴുതിയതാണ്.

> ''ദേവാലയപ്രതിമതന്നടി നാണയപ്പൊൻ
> പൂവാൽ മറയ്ക്കുമൊരു സോദരരേ, തദാപി,
> മാൽ വായ്ക്കുമിത്തനയനാം പുലയന്നടുത്താ-
> ണാവാസമീശന്, ജഗജ്ജനകന്നു നൂനം''

എന്ന ഉദ്ബോധനത്തോടെ അതവസാനിപ്പിക്കാമായിരുന്നു. അതിൻെറ ദ്വിതീയഖണ്ഡം ആ അനുഭവത്തിൻെറ തന്നെ പല്ലവനമാണെന്ന് അന്നു തോന്നിയില്ല. ഏതായാലും ആ നായാടികളുടെ ദീനസ്വരം ഇന്നും എൻെറ ഭാവനയുടെ ചെവിയിൽ വററാതെ നിൽക്കുന്നുണ്ട്.

## 16.2 പാഠസംഗ്രഹം

1923 സെപ്ററംബറിൽ 'സാഹിത്യകൗതുക'ത്തിൻെറ പ്രഥമഭാഗം പ്രസിദ്ധപ്പെടുത്തി. ബി.വി. ബുക്കുഡിപ്പോയാണ് അത് പ്രസിദ്ധപ്പെടുത്തിയത്. പ്രതിഫലത്തിൻെറ കാര്യം കഷ്ടമായിരുന്നു. സാംപത്തിക ഞെരുക്കം കാരണം കവിത എഴുത്തിനിടയ്ക്ക് പലതരം പ്രവൃത്തികൾ ചെയ്യേണ്ടി വന്നു. 'ശ്രീകൃഷ്ണചരിതം

മണിപ്രവാളം' വ്യാഖ്യാനിക്കുകയും 'കൊച്ചിഭൂമിശാസ്ത്രം', 'ഹൈദരാലി', 'ടിപ്പു', 'ഹരിശ്ചന്ദ്രൻ', 'ധർമ്മപുത്രർ', 'രാജനന്ദിനി' മുതലായ ഗദ്യകൃതികൾ രചിക്കുകയും ചെയ്തു. ഇതിൽ നിന്നു കിട്ടിയ പണം നൽകിയ മനഃസ്വസ്ഥതകൊണ്ട് സാഹിത്യകൗതുകം രണ്ടാംഭാഗം 1925ലും മൂന്നാം ഭാഗം 1927ലും പ്രസിദ്ധപ്പെടുത്തി. സാഹിത്യകൗതുകം ഒന്നാം ഭാഗത്തിന്റെ അവതാരികയിൽ വിദ്വാൻ സി.എസ്സ്. നായർ പാശ്ചാത്യസംസ്കാരത്തിന്റെ സംഘർഷത്താലുളവായ ഉത്തേജനം എങ്ങനെ ആധുനികകവിതയെ പരിവർത്തനപ്പെടുത്തുന്നു എന്നു സൂചിപ്പിക്കുന്നു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം നേരിട്ട മോഹഭംഗവും അതിൽ നിന്നുടലെടുത്ത സ്വാതന്ത്ര്യസമരപ്രസ്ഥാനവും ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കി. ആളുകളുടെ വീക്ഷണത്തിനു തന്നെ പരിവർത്തനം സംഭവിച്ചു. 1911-ന് ജോർജ്ജ് അഞ്ചാമന്റെ കിരീടധാരണത്തെ വാഴ്ത്തിപ്പാടിയ വള്ളത്തോൾ പത്തുവർഷത്തിനുശേഷം പ്രിൻസ് ഓഫ് വെയിൽസ് വച്ചു നീട്ടിയ പട്ടും വളയും നിരസിച്ചത് ഈ പരിവർത്തനത്തെക്കുറിക്കുന്നു. ഉള്ളൂർ, സി.എസ്സ്. നായർ തുടങ്ങിയവർ ജീ.യുടെ കവിതയെപ്പററി പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്—സാഹിത്യകൗതുകം രണ്ടാം ഭാഗത്തിൽ എത്തുമ്പോൾ കവിത കുറേക്കൂടി പ്രസന്നമധുരമാകുന്നു; മലബാർ കലാപത്തിനുശേഷം കേരളത്തിൽ സ്വാതന്ത്ര്യസമരത്തിനുണ്ടായ തളർച്ച കവിതകളിലും നിഴലിച്ചു.

തിരുവില്വാമല ഏകാദശി ഞെട്ടിക്കുന്ന ഒരോർമ്മയായി ഇന്നും നിൽക്കുന്നു. അയിത്തം കൊണ്ടും ദാരിദ്ര്യം കൊണ്ടും അകുന്നുനിന്ന് ഒരു കാശു ഒരു കാശ് എന്നു യാചിക്കുന്ന നായാടികളുടെ രൂപം ഹൃദയഭേദകമായിരുന്നു.

## 16.3 കുറിപ്പുകൾ

1. **പ്രസാധകന്മാർ:** പ്രസാധക, എന്ന സംസ്കൃതപദത്തെ മലയാളീകരിച്ചതാണ് ഇത്. ഇംഗ്ളീഷിൽ 'പബ്ളിഷർ' എന്ന പദത്തിന്റെ അർത്ഥത്തിലാണ് ഇത് ഉപയോഗിക്കുന്നത്. സംസ്കൃതപദമാണ് ഇതെങ്കിലും പബ്ളിഷർ എന്ന അർത്ഥം സംസ്കൃതത്തിൽ ഇല്ല. ശുദ്ധീകരിക്കുന്നവർ, ക്രമപ്പെടുത്തുന്നവർ, അലങ്കരിക്കുന്നവർ എന്നാണർത്ഥം. പുസ്തകപ്രസിദ്ധീകരണം നടത്തുന്ന ആൾ എന്ന അർത്ഥം മലയാളത്തിൽ പ്രചാരത്തിലായി. പ്രസാദനം എന്ന രൂപവുമുണ്ട്.

2. **കരുതി ഇരുന്നപോലെ:** കരുതി എന്നതിന് തയ്യാറായി എന്നാണർത്ഥം. ഭൂതകാലരൂപമാണ്. പ്രത്യയം 'ഇ'. 'കരുതി'യോട് 'ഇരുന്ന' അനു പ്രയോഗിക്കുന്നു. 'ഇരിക്ക്' ധാതുവിന്റെ ഭൂതകാലപേരെച്ചരൂപമാണ് ഇരുന്ന. അനുപ്രയോഗമായി ഈ ക്രിയ ചേർക്കുമ്പോൾ ക്രിയയുടെ അർത്ഥവുമായി ഇതിനു വലിയ ബന്ധമൊന്നുമില്ല. അതിനോട് 'പോലെ' ചേർക്കുന്നു. മുഖം ചന്ദ്രനെപ്പോലെ എന്നു പറയുമ്പോൾ ആ അർത്ഥമാണ് കിട്ടുന്നത്. എന്നാൽ താരതമ്യാർത്ഥം ഇവിടെ പ്രസക്തമല്ല. അതേ രീതിയിൽ എന്ന അർത്ഥമേ ഉദ്ദേശിക്കുന്നുള്ളൂ.

3. **വല്ലതും:** ഇത് സർവ്വനാമമാണ്. പ്രത്യേകിച്ച് ഒന്നും പറയാനില്ലാത്ത ഒരു നാമത്തിനു പകരമായി നിൽക്കുകയാണ് ഇതു ചെയ്യുന്നത്. അനാസ്ഥാവാചി എന്ന് കേരളപാണിനി ഇതിനെ വിളിക്കുന്നു. വല്ലതും തരണം എന്നിടത്ത് തരുന്നത് എന്താണെന്ന കരുത്തിലുള്ള അനാസ്ഥ പ്രകടമാണ്

4. **ഉണ്ടായിരുന്നുള്ളൂ:** ഉണ്ട് + ആയ് + ഇരുന്നു + ഉള്ളൂ. 'ഉൾ' ധാതുവിന്റെ ഭൂതകാലരൂപമാണ് ഇത്. എന്നാൽ വർത്തമാനകാലാർത്ഥത്തിലാണ് പ്രയോഗം. ഉണ്ട് എന്നതിന്റെ ഭൂതകാലാർത്ഥം വ്യക്തമാക്കാൻ ആയ്, ഇരുന്നു ഇവയെ കൂട്ടിച്ചേർക്കുന്നു. ഉണ്ടായിരുന്നു എന്ന പ്രയോഗത്തിനു വളരെ മുമ്പു നടന്നത് എന്ന അർത്ഥം ദ്യോതിപ്പിക്കാൻ കഴിയും. അതിനോട് 'ള്ള' ചേർക്കുന്നു. അർത്ഥത്തിനു ഉറപ്പുകൊടുക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

5. **അഭംഗി:** ഭംഗി എന്നതിനു സൗന്ദര്യം എന്നാണർത്ഥം. ഇവിടെയാകട്ടെ ഔചിത്യം എന്ന ലാക്ഷണികാർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. ഇതിന്റെ നിഷേധരൂപം ഉണ്ടാക്കാൻ 'അ' യെ മുമ്പിൽ ചേർക്കുന്നു.

6. **സർഗ്ഗാത്മകം:** 'സർഗ്ഗ' ശബ്ദത്തിനു സൃഷ്ടി എന്നാണർത്ഥം. കാവ്യസൃഷ്ടിയെയാണ് ഇവിടെ വിവക്ഷിക്കുന്നത്.

കാവ്യസൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനം എന്ന അർത്ഥത്തിലാണ് സർഗ്ഗാത്മകം എന്നു പറയുന്നത്. അതുൾക്കൊള്ളുന്നത് എന്നർത്ഥത്തിൽ 'ആത്മകം' എന്നുപയോഗിക്കാറുണ്ട്.

7. **ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്:** ഏററ് + എടുക്ക + വേണ്ടി + വന്ന് + ഇട്ട് + ഉണ്ട്. ഏറ്റെടുക്കുക എന്നതിന് സ്വീകരിക്കുക എന്നാണർത്ഥം. 'വേണ്ടി വന്നിട്ടുണ്ട്' എന്നിങ്ങനെ നാല് ക്രിയകളെ അനുപ്രയോഗിച്ച് ഏറ്റെടുക്കുക എന്ന ക്രിയാരൂപം ക്രിയ ചെയ്യാൻ താല്പര്യമുണ്ടായിരുന്നില്ല എന്നും അതു ചെയ്യാൻ നിർബന്ധിതനായി എന്നും സൂചിപ്പിക്കുന്നു ഇത്.

8. **വിദ്യാവിനോദിനി:** മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസികയാണ് ഇത്. 1056 മീനമാസം മുതൽ ഇത് തിരുവനന്തപുരത്തുനിന്ന് പ്രചരിച്ചു തുടങ്ങി. മലയാളഭാഷയ്ക്കും സാഹിത്യത്തിനും ഈ മാസിക ചെയ്ത സേവനങ്ങൾ അമൂല്യങ്ങളാണ്. പന്ത്രണ്ടാം പുസ്തകം പന്ത്രണ്ടാം ലക്കം വരെ മാത്രമേ ഇതിനായുസ്സുണ്ടായുള്ളൂ.

9. **കൃതജ്ഞതാപൂർവ്വം:** കൃതജ്ഞതയോടെ എന്ന അർത്ഥത്തിലാണ് പ്രയോഗം. 'കൂടെ' എന്ന അർത്ഥം കിട്ടാനാണ് 'പൂർവ്വം' എന്നത് ചേർക്കുന്നത്. 'പൂർവ്വം' എന്നതിനാകട്ടെ 'മുൻനിർത്തി' എന്ന അർത്ഥമാണ് പറയാവുന്നത്. സ്നേഹപൂർവ്വം, നന്ദിപൂർവ്വം എന്നിങ്ങനെ നിരവധി പ്രയോഗങ്ങൾ നമുക്കുണ്ട്. ഇവിടെയൊക്കെ, സ്നേഹത്തോടെ, നന്ദിയോടെ എന്നുതന്നെ അർത്ഥം. ഭാഷാപ്രയോഗത്തിന് 'പൂർവ്വം' ഉപയോഗിക്കുന്നതിനേക്കാൾ 'കൂടെ' എന്നതിൻെറ രൂപം തന്നെയാണ് കൂടുതൽ യോഗ്യം.

10. **ദൈനംദിനജീവിതത്തിൻെറ ഭാരം ഭാവനയുടെ ചിറകൽ തൂങ്ങിയില്ല:** കവികൾ സങ്കല്പലോകത്തിൽ സഞ്ചരിക്കുന്നവരാണ്. അവരുടെ ഭാവന എല്ലായ്പ്പോഴും ചിറകു വിടർത്തി പറന്നുയരുന്നു. ജീവിതവൈഷമ്യങ്ങൾ പറക്കാനുപകരിക്കുന്ന ചിറകിൽ ഭാരമായിത്തീരാറുണ്ട്. സ്വതന്ത്രമായ ഭാവനാവിലാസത്തിനും വൈഷമ്യം നേരിടുന്നു എന്നേ കവി ഉദ്ദേശിക്കുന്നുള്ളൂ. സാമ്പത്തിക പരാധീനതയും മററു വൈഷമ്യങ്ങളുമില്ലാതെവന്നപ്പോൾ ഭാവനയുടെ ചിറകിൽ ജീവിതത്തിൻെറ ഭാരം തൂങ്ങിയില്ല, എന്ന് ആലങ്കാരിക ശൈലിയിൽ കവി അവതരിപ്പിച്ചിരിക്കുന്നു.

11. **സി,എസ്സ്. നായർ:** സി,എസ്സ്. നായർ എന്ന സി. ശങ്കുണ്ണിനായർ 7-5-1894-ൽ പട്ടാമ്പിയിൽ ജനിച്ചു. പുതുമനംപറമ്പത്തു ശങ്കരൻ നായരാണ് പിതാവ്. മാതാവ് പാർവ്വതിയമ്മ. മലയാളനിരൂപണസാഹിത്യത്തിന് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്, അദ്ദേഹം. സുവർണ്ണപഞ്ജരം, ചംപുസാഹിത്യം, കഥാകലിക, മഹത്വവൈഭവം തുടങ്ങി നിരവധികൃതികൾ രചിച്ചിട്ടുണ്ട്. അദ്ദേഹം 8-5-1942-ൽ മരിച്ചു.

12. **പ്രകൃത്യനുവർത്തനം:** പ്രകൃതി + അനുവർത്തനം. ഇ + അ= യ. ഇത് ഒരു സംസ്കൃതസന്ധിയാണ്. 'അയ്' ആദേശം വരുന്നതുകൊണ്ട് ആദേശസന്ധി. പ്രകൃതിയെ അനുസരിക്കുക എന്നർത്ഥം. പ്രകൃതിയുടെ സ്വഭാവത്തിനു അനുസരിച്ചു സഞ്ചരിക്കുക. 'വർത്തനം' എന്ന ക്രിയാനാമത്തിനു മുമ്പിൽ അനു എന്ന ഉപസർഗ്ഗം ചേർത്തിരിക്കുന്നു. കൂടെ എന്ന അർത്ഥത്തിലാണ് 'അനു' ചേർക്കാറുള്ളത്. അനുജൻ, അനുയാത്ര എന്നിവ ഉദാഹരണങ്ങൾ.

13. **ഔചിത്യദീക്ഷ:** ഔചിത്യത്തിലുള്ള ശ്രദ്ധ. 'ഉചിത' പദത്തിൽ നിന്നുണ്ടായ തദ്ധിതരൂപമാണ് ഔചിത്യം. സന്ദർഭത്തിനും അവസരത്തിനും യോജിച്ചത് എന്നർത്ഥം.

14. **ആർത്ഥികം:** അർത്ഥത്തിന് ധനം എന്നാണർത്ഥം. 'അർത്ഥ'ത്തിൽ നിന്നുണ്ടായ തദ്ധിതരൂപമാണ് ആർത്ഥികം. അർത്ഥത്തെ ധനത്തെ സംബന്ധിച്ച എന്നർത്ഥം.

15. **അന്യാദൃശത:** അന്യത്തിൽ അദൃശ്യമാവൽ. അന്യ + അ + ദൃശ്; മററൊന്നിൽ കാണാത്തത് തുല്യമല്ലാത്ത എന്നർത്ഥം. 'അന്യാദൃശ' എന്ന് വിശേഷണമാണ്. അതിൽ നുന്നുണ്ടായ നാമമാണ് 'അന്യാദൃശത'. ദൃശ് ധാതുവിനോട് 'ത' പ്രത്യയം ചേർത്ത് തദ്ധിതരൂപമുണ്ടാക്കിയിരിക്കുന്നു. വിശ്വസ്തത, വിഷാദാത്മകത ഒക്കെ ഉദാഹരണങ്ങൾ.

16. **ജോർജ് പഞ്ചമൻ (1865-1935)** ബ്രിട്ടിഷ് രാജാവും ഇന്ത്യാചക്രവർത്തിയുമായിരുന്നു ഇദ്ദേഹം. എഡ്വേർഡ് ഏഴാമൻെറ പുത്രനായി മാൾബറൊ ഹൗസിൽ ജനിച്ചു. 1901-ൽ കിരീടാവകാശിയായി. 1910-ൽ അച്ഛനെ പിന്തുടർന്ന് രാജാവായി. കൽക്കത്തയിൽ നിന്നും ഇന്ത്യയുടെ തലസ്ഥാനം ദൽഹിയിലേക്കു മാററിയത് ഇദ്ദേഹത്തിൻെറ പ്രസിദ്ധമായ ദില്ലി ദർബാറിനു ശേഷമാണ്.

17. **സർവ്വതോമുഖം:** സർവ്വത + മുഖം എല്ലാ ഭാഗത്തേക്കും നോട്ടമുള്ള എന്നർത്ഥം. സർവ്വത: എന്നതിലെ വിസർഗ്ഗത്തിന് 'ഓ' ആദേശം വരുന്നു. സർവ്വത: സർവതോ ആകുന്നതങ്ങനെയാണ്.

18. **സർവ്വാശ്ലേഷി:** സർവ്വ + ആശ്ലേഷി. അ + ആ + ആ. ദീർഘസന്ധി. എല്ലാററിനേയും പുണരുന്ന. എല്ലാമായി ബന്ധപ്പെട്ടു നിൽക്കുന്ന എന്നൊക്കെ അർത്ഥം. 'ആശ്ലേഷ'ത്തോടു ചേർന്നത് എന്ന രീതിയിൽ, വിശേഷണപദമായിട്ടാണ് 'ആശ്ലേഷി' പ്രയോഗിക്കുന്നത്.

19. **ആനുഗതികത്വം:** ഗത + അനു + ഗതികത്വം. ഗതത്തെ അനുഗമനം ചെയ്യുന്ന സ്വഭാവം. പോയവൻെറ പിറകേ പോകുന്ന രീതി. ആലോചനയില്ലാതെ, മറെറാരാൾ ചെയ്തതിനെ അനുകരിക്കുകമാത്രം ചെയ്യുന്നത്. ഗത + അനു ദീർഘസന്ധി. 'അനു' കൂടെ എന്ന അർത്ഥം നൽകുന്ന ഒരു ഉപസർഗ്ഗമാണ്. 'അനുഗതിക' ത്തോട് 'ത്വം' ചേർത്ത് നാമപദം ഉണ്ടാക്കിയിരിക്കുന്നു.

20. **പൗരാണികം:** 'പുരാണ' പദത്തിൽനിന്നുണ്ടായ തദ്ധിതമാണ് ഇത്. പുരാണത്തെ സംബന്ധിച്ച എന്നർത്ഥം. പുരാണം എന്നാൽ പഴയത്, പ്രാചീനം എന്നൊക്കെയാണ് അർത്ഥമാക്കുന്നത്. ഇതിഹാസാദിപുരാണങ്ങൾ എന്ന പ്രയോഗത്തിൽ നിന്നും ഒരു സാഹിത്യശാഖയെയാണ് ഉദ്ദേശിക്കുന്നത്. ഇവിടെ അതല്ല അർത്ഥം. പുരാണങ്ങളുമായല്ല പുരാതനകാലവുമായാണ് ഇതിന് ബന്ധം.

21. **അഭിവീക്ഷിച്ചുകൊണ്ടുതന്നെയായിരിക്കണം:** 'അഭി' ഒരു ഉപസർഗ്ഗമാണ്. നേരെ, നല്ല രീതിയിൽ എന്നൊക്കെ അർത്ഥം. വീക്ഷിച്ച് എവത് വീക്ഷിക്ക് രൂപത്തിൻെറ ഭൂതകാലവിനയെച്ചരൂപം-മുൻവിനയെച്ചമാണത്. വി + ഈക്ഷ എന്ന് ഇതിനെ വീണ്ടും തിരിക്കാം. വീക്ഷിച്ചുകൊണ്ട് എന്നിടത്ത് 'കൊണ്ടു' എന്നതിന് 'കൊൾ' ധാതുവിൻെറ അർത്ഥവുമായി വലിയ ബന്ധമില്ല.

തന്നെ എന്നത് 'തൻ' എന്ന സർവ്വനാമത്തിൻെറ പ്രതിഗ്രാഹികാരൂപം, വിഭക്തിയുടെ അർത്ഥം വിവക്ഷിക്കുന്നില്ല. വീക്ഷിച്ചു കൊണ്ടുമാത്രം എന്നർത്ഥം ആയിരിക്കണം. എന്നത് ആയിരിക്കുക എന്ന ക്രിയയുടെ വിധായകപ്രകാരരൂപമാണെന്നു തോന്നാം. ഇവിടെ പ്രകാരത്തിൻെറ അർത്ഥമല്ല. സംശയാർത്ഥമാണ് ഉണ്ടാക്കുന്നത്. തീർപ്പു കൽപ്പിക്കാൻ ആവുന്നില്ലെന്നർത്ഥം.

22. **ഏകാദശി:** പതിനൊന്നാമത്തെ തിഥി. ശുദ്ധമായ ഉപവാസമനുഷ്ഠിക്കലാണ് പ്രധാനം. വിഷ്ണുവിനെ ആരാധിക്കുകയാണ് ചെയ്യുന്നത്. മഹാവിഷ്ണു വർഷത്തിൽ നാലു മാസം നിദ്രചെയ്യുന്നു എന്ന് പുരാണങ്ങൾ പറയുന്നു. ആഷാഢമാസത്തിൽ ശുക്ളപക്ഷത്തിലെ ഏകാദശിനാളിലത്രേ നിദ്രയാരംഭിക്കുന്നത്. അതുകൊണ്ട് ഹിന്ദുക്കൾക്കുള്ള പ്രധാനപ്പെട്ട ഒരു ദിവസമാണത്.

## പുരോഗതി സ്വയം പരിശോധിക്കുക

അ) 1) 1. ഒരാൾ സ്വന്തം ജീവിതാനുഭവങ്ങൾ വിവരിക്കുന്നതാണ്......................
(ജീവചരിത്രം, ആത്മകഥ, സഞ്ചാരസാഹിത്യം)

2. നവോല്ലേഖം ...................... സന്ധിയാണ്.
(ദീർഘസന്ധി, ആദേശസന്ധി, ഗുണസന്ധി)

3. വൃദ്ധിസന്ധിയ്ക്കുദാഹരണമാണ് ......................
(ജഗജ്ജനകൻ, പ്രജ്ഞൈകസാരഥി, സന്നിഹിതം)

4. മലബാർ ലഹളയ്ക്കുശേഷം കേരളത്തിൽ സ്വാതന്ത്ര്യസമരത്തിന് തീക്ഷ്ണ ......................
(ഏറി, കുറഞ്ഞു, അതേപടി നിന്നു)

5. ആർത്ഥികപദം ...................... ആണ്.
(തദ്ധിതം, വിനയെച്ചം, ക്രിയാനാമം)

2) വിട്ടുപോയത് പൂരിപ്പിക്കുക:

1. ' കാവ്യം യശസേ' എന്ന് ...................... അർത്ഥകൃതേ എന്ന് ...................... കരുതിയിരുന്നതുപോലെ തോന്നുന്നു.
2. വിദ്യാവിനോദിനിയുടെ ഉടമസ്ഥൻ ......................
3. ദൈനംദിന ജീവിതത്തിൻെറ ഭാരം ...................... ചിറകിൽ തൂങ്ങിയില്ല.
4. എൻെറ ഭാവന ...................... ഭാഷ ...................... ഭാവം ......................വുമാകുന്നുണ്ടെന്ന് തോന്നുന്നു.
5. പരിത:സ്ഥിതിജന്യമായ ...................... പ്രതിഫലനമാണത്

## 16.4 ജീവചരിത്രം—വിഷയാവതരണം

ഒരാളിൻെറ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ അടിസ്ഥാനമാക്കി അയാളുടെ ജീവിതത്തെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് ജീവചരിത്രം. ജീവചരിത്രത്തിനും ആത്മകഥയ്ക്കും തമ്മിൽ പല കാര്യങ്ങളിലും സാമ്യമുണ്ട്. മനുഷ്യരുടെ ജീവിതമാണ് രണ്ടിലും വിവരിക്കുന്നത്. മഹാത്മാക്കൾ, സ്വന്തം ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രതിസന്ധികളെ എങ്ങനെ തരണം ചെയ്യണമെന്നും, അധ്വാനത്തിൻെറയും ത്യാഗത്തിൻെറയും മൂല്യം എന്താണെന്നും മററുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ഈ ഘടകം ആത്മകഥയിലും ജീവചരിത്രത്തിലും തുല്യമാണ്. ആത്മകഥ സ്വയം വിവരിക്കുന്നു. ജീവചരിത്രം മറെറാരാൾ രചിക്കുന്നു. ഇതാണു കാര്യമായ വ്യത്യാസം. ആത്മകഥയിലായാലും ജീവചരിത്രത്തിലായാലും ഒരാളിൻെറ ജീവിതം അപ്പാടെ പകർത്താനാവില്ല. ദീർഘമായ ഒരു ജീവിതത്തിനിടയിലെ അസംഖ്യം സംഭവങ്ങളിൽ ചിലതു മാത്രമേ പറയാനാവൂ. അപ്പോൾ തള്ളേണ്ടതും കൊള്ളേണ്ടതും ഏതൊക്കെയാണെന്ന് സ്വയം മനസ്സിലാക്കി രചനയിൽ ഏർപ്പെടണം. അതിലാണ് മികവ്. വായനക്കാരൻെറ മുമ്പിൽ പൂർണ്ണവ്യക്തിത്വത്തോടെ കഥാപുരുഷനെ അഥവാ തന്നെത്തന്നെതെഴുപ്പിച്ചു നിർത്താൻ കഴിവുള്ളവർ പ്രതിഭാശാലികളത്രേ. ഒരു ജീവചരിത്രം രചിക്കാൻ തക്ക മാഹാത്മ്യം ഉള്ള വ്യക്തിയുടെ ജീവിതകഥയേ എഴുതാവൂ. ആ വ്യക്തിത്വത്തിൽ ആകൃഷ്ടനായ എഴുത്തുകാരൻ തൻെറ അനുഭവം മററുള്ളവർക്കും ഉണ്ടാക്കിക്കൊടുക്കുവാൻ മുതിരുന്നു. അപ്പോൾ ആരാധ്യനായ കഥാപുരുഷൻെറ ജീവിതത്തിൽ മങ്ങലേല്പിക്കാൻ ജീവചരിത്രകാരൻ ശ്രമിക്കുകയില്ല. ചിലപ്പോൾ പക തീർക്കാൻ മാർഗ്ഗമെന്ന നിലയിൽ ജീവചരിത്രം രചിച്ചുകൂട എന്നില്ല. പക്ഷെ അത് സാധാരണമല്ല.

ആത്മകഥ സ്വന്തം അനുഭവങ്ങളാണല്ലോ അവതരിപ്പിക്കുന്നത്. അനുഭവിച്ച കാര്യങ്ങൾ വിവരിക്കുമ്പോൾ അത് നമുക്കു കൂടുതൽ ഹൃദ്യമായി അനുഭവപ്പെടും. താനനുഭവിച്ച വികാരത്തിൻെറ തീക്ഷ്ണത അതേപടി പകർത്താൻ എഴുത്തുകാരന് കഴിയും. ജീവചരിത്രകാരൻെറ കഥ അതല്ല. താനനുഭവിക്കുന്ന കാര്യങ്ങളാണ് പലപ്പോഴും ചിത്രീകരിക്കേണ്ടിവരുക. തന്നെ ആവേശം കൊള്ളിച്ചിട്ടില്ലാത്ത കാര്യങ്ങളെക്കുറിച്ചും വസ്തുതകൾ നിരത്തിവച്ച് വിസ്തരിക്കുമ്പോൾ ഒരു റിപ്പോർട്ടിൻെറ നിലവാരത്തിലേയ്ക്ക് അതു താണുപോകാം. പക്ഷെ ജീവചരിത്രത്തിൽ അത് സംഭവിച്ചുകൂടാ. ആത്മകഥാകാരന് പ്രമേയം നേരിട്ടറിവുള്ളതാണ്. ജീവചരിത്രകാരനാകട്ടെ, ശേഖരിക്കുന്ന തെളിവുകളെ മാത്രമേ പരിഗണിക്കാനാവൂ. കിട്ടുന്ന വിവരങ്ങൾ പൂർണ്ണമോ സത്യസന്ധമോ ആകണമെന്നില്ല. അതുകൊണ്ട് ജീവചരിത്രത്തിൽ അവതരിപ്പിക്കുന്ന ജീവിതം സത്യവുമായി അടുത്തിരിക്കും എന്നേ വിശ്വസിക്കാനാവൂ. ജീവചരിത്രം സത്യത്തോട് എത്രമാത്രം അടുത്തിരിക്കുമോ അത്രത്തോളം അതു വിജയിച്ചു എന്നു കരുതാം. ആത്മകഥയിൽ നിന്ന് ജീവചരിത്രത്തിനുള്ള വ്യത്യാസം എന്തെന്നും അവതരണത്തിൽ അവ എന്തെന്തു വ്യത്യാസങ്ങൾ കാണിക്കുന്നുവെന്നും വ്യക്തമാക്കുകയാണ് ഈ പാഠഭാഗത്തിൻെറ ഉദ്ദേശ്യം.

നിങ്ങളുടെ സുഹൃത്തുക്കൾ ആരൊക്കെയാണ്? നിങ്ങളുടെ ആരാധനാപാത്രങ്ങൾ ആരൊക്കെയാണ്? അവരിലൂടെ നിങ്ങളെ മനസ്സിലാക്കാൻ എളുപ്പമാണ്. കാരണം നിങ്ങളുടെ ലക്ഷ്യബോധത്തേയും നിങ്ങളുടെ സ്വഭാവത്തേയും രൂപപ്പെടുത്തുന്നത് അവരാണ്. നിങ്ങളിൽ ഉറങ്ങിക്കിടക്കുന്ന പല വാസനകളേയും തട്ടിയുണർത്തുന്നത് അവരാണ്. അവരിലൂടെയാണ് നിങ്ങൾ നിങ്ങളുടെ ആദർശലോകത്തെ നോക്കിക്കാണുന്നത്. നമുക്കു സ്നേഹിക്കാനും ബഹുമാനിക്കാനും വേണ്ട ആൾക്കാർ നമുക്കു ചുററും ഉണ്ട്. എന്നാൽ മഹാന്മാർ വല്ലപ്പോഴും വല്ല ദേശത്തും മാത്രമേ

ഉദയംകൊള്ളാറുള്ളൂ. അവർ എണ്ണത്തിൽ കുറവാണെങ്കിലും സമൂഹത്തിന്റെ ഘടന രൂപപ്പെടുത്തുന്നത് അവരാണ്. അവരെക്കുറിച്ചറിയുക. അവരുടെ ലക്ഷ്യം നേടാൻ അവർ സഹിച്ച ത്യാഗങ്ങൾ ഏതൊക്കെയെന്നറിയുക. അതിലൂടെ നമ്മുടെ ജീവിതത്തിലും ചെയ്യേണ്ട കാര്യങ്ങൾ ഏതൊക്കെ എന്നു തീരുമാനിക്കുക. ഇതൊക്കെയാണ് ജീവചരിത്രപാരായണംകൊണ്ടുദ്ദേശിക്കുന്നത്. നിങ്ങൾക്ക് ആരെങ്കിലും മാർഗ്ഗദർശിയാകാൻ പററിയ ആൾ എന്നു തോന്നിയിട്ടുണ്ടോ? അവരെ അത്ഭുതാദരങ്ങളോടെ നോക്കി നിന്നിട്ടുണ്ടോ? ആ വിവരങ്ങൾ ഒന്നു ക്രമപ്പെടുത്തി നോക്കുക. ജീവചരിത്ര രചനയുടെ ആദ്യഘട്ടം കഴിഞ്ഞിരിക്കുന്നു. ഇനി ഇരുന്ന് എഴുതുക. അതുമാത്രം മതി.

ഇവിടെ, കേസരി എ. ബാലകൃഷ്ണപിള്ള എന്ന മഹാനെപ്പററി കെ.പി.ശങ്കരമേനോൻ രചിച്ച കൃതിയിൽ നിന്ന് ഒരു ഭാഗം കൊടുത്തിരിക്കുന്നു. പത്രാധിപർ, രാഷ്ട്രീയ വിമർശകൻ, ചരിത്രഗവേഷകൻ, സാഹിത്യ നിരൂപകൻ എന്നീ നിലകളിലൊക്കെ പ്രസിദ്ധനായിത്തീർന്ന അദ്ദേഹം കേരളത്തിലെ സാമൂഹിക രംഗത്തും ഒരു ശക്തിയായിരുന്നു. യുവസാഹിത്യകാരൻമാരെ ഉപദേശാദികളിലൂടെ നയിച്ച് സാഹിത്യപ്രവർത്തനങ്ങൾക്ക് പ്രചോദനവും, ലക്ഷ്യവും നൽകുന്ന കാര്യത്തിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മലയാളത്തിലെ നോവലെഴുത്തുകാരിൽ മുൻപന്തിയിൽ നിലക്കുന്ന തകഴി ശിവശങ്കരപ്പിള്ളയുടെ സാഹിത്യപ്രവർത്തനങ്ങൾക്ക് ബാലകൃഷ്ണപിള്ള എങ്ങനെ ശക്തിപകർന്നു എന്നു കാണിക്കുന്നതാണ് ഈ പാഠം.

## പാഠം-2 ജീവചരിത്രം കെ.വി. ശങ്കരമേനോൻ

മാസത്തിലെ ഒരു ദിവസം. അന്ന് ബാലകൃഷ്ണപിള്ളയുടെ താമസം തിരുവനന്തപുരത്ത് ജനറൽ പോസ്ററാഫീസിന് (പുളിമൂട് ജംഗ്ഷനു സമീപം) തെക്കുവശത്തുകൂടി വഞ്ചിയൂർക്കുപോകുന്ന ഇടവഴിയുടെ വലതുഭാഗത്ത് സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ മാളികയിലായിരുന്നു. അതിന്റെ മുററത്തുകെട്ടിയിരുന്ന ഒരു കെട്ടിടത്തിലാണ് ശാരദാപ്രസ്സ്. രാമചന്ദ്രൻ നമ്പ്യുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരിക്കുന്നതും മധ്യവേനൽ ഒഴിവുകഴിഞ്ഞ് പാഠശാലകൾ തുറന്നിരുന്നില്ല. അക്കാലത്ത് തിരുവനന്തപുരത്തെ നിയമപാഠശാലയിൽ എഫ്.എൽ; ബി.എൽ. എന്നീ ക്ളാസ്സുകൾ കൂടാതെ ഒരു പ്ളീഡർഷിപ്പ് ക്ളാസുകൂടി ഉ...ായിരുന്നു. സ്കൂൾ ഫൈനൽ പരീക്ഷ പാസായവരാണ് നിയമപഠനത്തിന് എത്താറുള്ളത്. ഈ പരീക്ഷ പാസായാൽ അവർക്ക് മുൻസിഫ് കോടതികളിലും ക്രിമിനൽ കോടതികളിലും സന്നതെടുത്ത് വക്കീൽ പണിയിൽ ഏർപ്പെടാൻ കഴിയും.

ഒരു സായാഹ്നത്തിൽ ഏകദേശം പതിനെട്ട് വയസ്സ് പ്രായമായ ഒരു ചെറുപ്പക്കാരൻ ബാലകൃഷ്ണപിള്ളയെ സന്ദർശിക്കാൻ അദ്ദേഹത്തിന്റെ വാസസ്ഥലത്ത് എത്തി. കാഴ്ചയിൽ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയാണെന്നേ തോന്നുകയുള്ളൂ. മെലിഞ്ഞ ശരീരം, ഇരുനിറം, വെളുത്ത ഷർട്ട് ധരിച്ചിരുന്നു. ഉയർന്ന ഫാലപ്രദേശം , ദീപ്തിമത്തായ നേത്രങ്ങളും അയാൾക്ക് അസാധാരണമായ ഒരു തേജസ്സു നൽകിയിരുന്നു. പതിവുപോലെ നീണ്ടുവെളുത്ത താടിയും തലോടി ചിന്താമഗ്നനായി വരാന്തയിലെ ചാരുകസേലയിൽ വിശ്രമിച്ചിരുന്ന പത്രാധിപർക്ക് ഈ യുവാവ് വിനീതഭാവത്തിൽ തന്റെ ആദരങ്ങളർപ്പിച്ചു. തുടർന്ന് ആ യുവാവ് തന്റെ പേര് കെ.കെ.ശിവശങ്കരപിള്ള എന്നാണെന്നും, തകഴിയാണ് സ്വദേശമെന്നും വളരെ സാമ്പത്തിക ശേഷിയില്ലാത്ത ഒരു കർഷകകുടുംബത്തിൽ ജനിച്ച താൻ പ്ളീഡർഷിപ്പ് ക്ളാസ്സിൽ ചേരാൻ വന്നിട്ട് കുറച്ചു ദിവസങ്ങളായി എന്നും, പത്രാധിപരെ നേരിട്ടുകാണാൻ ഇതുവരെ സൗകര്യം ലഭിച്ചില്ലെങ്കിലും, കുറേക്കാലം പ്രബോധകനും കേസരിയും വഴി പരിചയപ്പെട്ടിട്ടുണ്ടെന്നും മററും സ്വയം പരിചയപ്പെടുത്തി. അതോടുകൂടി തനിക്കും ചില സാഹിത്യവ്യവസായങ്ങളിൽ ഏർപ്പെടുന്നതിന് ആഗ്രഹമുണ്ടെന്നും അതിനുവേണ്ട ഉപദേശങ്ങൾ ലഭിച്ചാൽകൊള്ളാമെന്നും ആ യുവാവ് സ്പഷ്ടമാക്കി.

ചെറുപ്പക്കാരായ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ സദാ തയ്യാറായിരുന്ന ബാലകൃഷ്ണപ്പിള്ളക്ക് ഇതിൽ സന്തോഷം തോന്നി. അന്നു കുറെ വൈകുന്നതുവരെ സാഹിത്യപരമായ കാര്യങ്ങളെപ്പററി അദ്ദേഹം ആ യുവാവിനോടു സംസാരിച്ചു. അക്കൂട്ടത്തിൽ ചെറുകഥകളിൽ ഫ്രഞ്ചു സാഹിത്യത്തിന് ലഭ്യമായിട്ടുള്ള മേന്മകളേയും അവിടത്തെ യഥാതഥപ്രസ്ഥാനത്തിന്റെ ഭാവഹാവങ്ങൾ നമ്മുടെ ഭാഷയിലേക്കു കൊണ്ടുവരേണ്ടതിന്റെ ഔചിത്യത്തേയും പററി അദ്ദേഹം സൂചിപ്പിച്ചു. പത്രാധിപരുടെ സംസ്ക്കാരപാണ്ഡിത്യത്തിന്റെ വിശാലവിശാലതയിൽ ആ യുവാവ് നിമഗ്നനായി; അവയാൽ ആകർഷിക്കപ്പെട്ടു. നേരിട്ടു കാണുന്നതിനു വളരെ മുമ്പുതന്നെ പത്രാധിപരുടെ പാണ്ഡിത്യത്തെപ്പററിയുള്ള വാർത്തകൾ ശിവശങ്കരപ്പിള്ള കേട്ടിരുന്നു. നേരിട്ടു സംസാരിക്കാൻ ഇടയായപ്പോൾ ആ സന്ദർശകന്റെ യുവസഹജമായ ആനന്ദം വളരെ വർദ്ധിച്ചു. അദ്ദേഹത്തെ

ശിവശങ്കരപ്പിള്ള മനസാ തന്റെ സാഹിത്യാചാര്യനായി സ്വീകരിച്ചു കഴിഞ്ഞു. ഈ പ്രഥമസന്ദർശനം അവസാനിപ്പിക്കുന്നതിനു മുമ്പ് സാഹിത്യയശഃപ്രാർത്ഥിയായിരുന്ന ആ യുവാവ് ആവശ്യം വായിക്കേണ്ട ഗ്രന്ഥങ്ങളുടെ ഒരു പട്ടിക അദ്ദേഹം കൊടുക്കുകയും, ആ ഗ്രന്ഥങ്ങൾ തിരുവനന്തപുരത്ത് എവിടെ കിട്ടുമെന്ന് ഉപദേശിക്കുകയും ചെയ്തു. പിന്നീട് സമയംകിട്ടുമ്പോഴെല്ലാം ശിവശങ്കരപ്പിള്ള തന്റെ പത്രാധിപഗുരുഭൂതന്റെ സന്നിധിയിൽ എത്തി അദ്ദേഹത്തിന്റെ ഉപദേശങ്ങൾ കൈകൊള്ളാൻ തുടങ്ങി.

ഇതിനിടയിൽ മോപ്സാങ്ങിന്റെ പ്രസിദ്ധമായ 'ബെൽഅമി', **'കാമുകൻ'** എന്ന പേരിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടും കുറേക്കാലമായി. ആകൃതിയുടെ മുഖവുരയായി അദ്ദേഹം എഴുതിയ ഒരു ദീർഘ പ്രബന്ധത്തിന്റെ ഒരു പ്രതിയും വായിച്ചു പഠിക്കുവാനായി ശിവശങ്കരപ്പിള്ളയ്ക്കു സ്നേഹപൂർവ്വം നൽകി. ഇപ്രകാരം അനേകം കഥാസമാഹാരങ്ങളിലും നോവലുകളിലും മലയാളസാഹിത്യത്തെ പരിപാലിച്ച തകഴി ശിവശങ്കരപ്പിള്ളയ്ക്ക് പാശ്ചാത്യ സാഹിത്യ കൃതികളുമായി സമ്പർക്കത്തിൽ ഏർപ്പെടാൻ ആദ്യമായി അവസരം ലഭിച്ചത്. ഭാവനാസമ്പന്നമായ പ്രതിഭ ജന്മസിദ്ധമായ തകഴിയുടെ അസാമാന്യമായ വ്യക്തിത്വത്തിന്റെയും അനിഷേധ്യമായ രചനാപാടവത്തിന്റെയും അത്ഭുതകരമായ ഭാഷാസൗകുമാര്യത്തിന്റെയും അടിസ്ഥാന ബീജങ്ങളുടെ ക്രമപ്രവൃദ്ധമായ അങ്കുരത്തിനും വികാസത്തിനും പരിപുഷ്ടിക്കും നിദാനം തേടേണ്ടത് അന്നത്തെ ആ ഗുരുശിഷ്യസമ്പർക്കത്തിലാണ്. തകഴിയുടെ തിരുവനന്തപുരത്തെ വാസം അവസാനിക്കുന്നതുവരെ ഈ സമ്പർക്കങ്ങളുടെ സാധാരണത്വവും ദൈർഘ്യവും വർദ്ധിച്ചു വരുകയും, അവയിൽനിന്നും തകഴിക്ക് 'മറ്റെങ്ങുമലഭ്യങ്ങളായ' പ്രചോദനങ്ങളും ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഈ കാലഘട്ടങ്ങളേയും സംഭവങ്ങളേയും പററി **പില്ക്കാലത്ത് തകഴിതന്നെ പലപ്പോക്കും** ആവർത്തിച്ചാവർത്തിച്ച് ആവിഷ്കരിച്ച് ആമോദമനുഭവിച്ചിട്ടുണ്ട് എന്ന വസ്തുതയും ഇവിടെ സ്മരണീയമാണ്

## 16.5 പാഠസംഗ്രഹം

1931 ജൂൺ മാസത്തിലെ ഒരു ദിവസം എ. ബാലകൃഷ്ണപിള്ളയുടെ **തിരുവനന്തപുരത്തെ വസതിയിൽ ഒരു ചെറുപ്പക്കാരൻ കടന്നുവന്നു. പതിനെട്ടു വയസ്സു** പ്രായം തോന്നിക്കുന്ന അയാൾ തകഴിക്കാരൻ കെ.കെ. ശിവശങ്കരപിള്ള എന്നു സ്വയം **പരിചയപ്പെടുത്തി. ആ ചെറുപ്പക്കാരൻ പ്ളീഡർപരീക്ഷക്കു ലോ കോളേജിൽ** പഠിയ്ക്കാൻ വന്നതാണ്. അല്പസ്വല്പം സാഹിത്യപ്രവർത്തനങ്ങളുണ്ടെന്നും മാർഗ്ഗനിർദ്ദേശം നല്കണമെന്നും അഭ്യർത്ഥിച്ചു. ഫ്രഞ്ച് ചെറുകഥയിലെ യഥാതഥ്യ പ്രസ്ഥാനത്തേയും അതു മലയാളത്തിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയേയും പററി ബാലകൃഷ്ണപിള്ള അന്നു സംസാരിച്ചു. ബാലകൃഷ്ണപിള്ളയുടെ പാണ്ഡിത്യത്തിന്റെ അഗാധത ആ ബാലനെ അത്ഭുതപ്പെടുത്തി. ബാലകൃഷ്ണപിള്ളയെ തന്റെ സാഹിത്യാചാര്യനായി അംഗീകരിക്കുകയും ചെയ്തു. അങ്ങനെയാണ് പ്രസിദ്ധ നോവലിസ്ററായ തകഴി ശിവശങ്കരപ്പിള്ള പാശ്ചാത്യകൃതികളുമായി ബന്ധപ്പെടുന്നത്. ശിവശങ്കരപ്പിള്ളയുടെ വ്യക്തിത്വത്തിലും രചനാപാടവത്തിലും ഭാഷാസൗകുമാര്യത്തിലും ആ ഗുരുവിനുള്ള പങ്കു വലുതാണ്.

## 16.6

1. **കേസരി എ. ബാലകൃഷ്ണപിള്ള**

   ക്രിസ്തുവർഷം 1889 ഏപ്രിൽ 13-ാം തീയതി ജനിച്ചു. വടക്കാഞ്ചേരി അവത്തുട്ടുകർത്താക്കന്മാരുടെ കുടുംബത്തിൽ പിറന്ന ദാമോദരൻ കർത്താവാണ് പിതാവ്. തലയിൽ കുടുംബത്തിലെ പാർവ്വതിയമ്മയാണ് മാതാവ്. അവരുടെ മൂത്ത മകനായ ബാലകൃഷ്ണപിള്ള **ബഹുമുഖമായ ഒരു** പ്രതിഭയുടെ ഉടമയാണ്. വിദ്യാഭ്യാസം തിരുവനന്തപുരത്താണ് നടത്തിയത്. നിർഭയനായ പത്രപ്രവർത്തകൻ, രാഷ്ട്രീയവിമർശകൻ പാശ്ചാത്യസാഹിത്യത്തിന്റെ വെളിച്ചത്തിൽ സാഹിത്യപരിഷ്കരണത്തിനു ശ്രമിച്ച നിരൂപകൻ, ചരിത്രഗവേഷകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം സമാരാധ്യനാണ്. 1950 ഡിസംബർ 18-ാം തീയതി അദ്ദേഹം ദിവംഗതനായി.

2. **പ്രബോധകൻ**

കേസരി ബാലകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകൃതമായ ഒരു മാസിക. 1930 ജൂൺ 4ാം തീയതി അതിൻെറ ആദ്യലക്കം പുറത്തുവന്നു. ആകെ പതിനാലു ലക്കമേ പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞുള്ളൂ. ഉള്ളടക്കത്തിൻെറയും മുഖപ്രസംഗങ്ങളുടെയും ഗാംഭീര്യം ഈ മാസികയെ ശ്രദ്ധേയമാക്കി. 1930 സെപ്തംബർ 10-ാം തീയതി മാസികയുടെ ലൈസൻസു റദ്ദു ചെയ്തതോടെ മാസിക നിന്നു.

3. **കേസരി**

1930 സെപ്ററംബർ 10-ാം തീയതി പ്രബോധകൻെറ ലൈസൻസു റദ്ദാക്കി. പെരിനാടു നാരായണപിള്ളയുടെ പേരിലുണ്ടായിരുന്ന കേസരിയുടെ ലൈസൻസ് തീറുവാങ്ങി **സെപ്ററംബർ** 18-ാം തീയതിതന്നെ കേസരിമാസിക പ്രസിദ്ധീകരിച്ചു. നാലു വർഷത്തിനുശേഷം കേസരിയും നിന്നു.

4. **സന്നത്**: ഇത് ഒരു **അറബിവാക്കാണ്**. മലയാളം നിരവധി വിദേശഭാഷകളിൽ നിന്ന് പദങ്ങൾ കടം കൊണ്ടിട്ടുണ്ട്. കോടതികളുമായി ബന്ധപ്പെട്ട പല പദങ്ങളും അറബിയിൽനിന്നു വന്നതാണ്. കോടതിയിൽ വ്യവഹരിക്കാനായി നല്കുന്ന അധികാരപത്രമാണ് സന്നത്. സനദ് എന്നാണ് രൂപം.

5. **ഏകദേശം:** ഇത് ഏക എന്നും ദേശം എന്നുമുള്ള രണ്ടു പദങ്ങൾ ചേർന്നുണ്ടാകുന്നു. ഒരു സ്ഥലം എന്നാണ് അർത്ഥം വരേണ്ടത്. എന്നാൽ ഇതു രണ്ടും കൂടിച്ചേർന്ന് ഒരു അവ്യയമായി പ്രയോഗിക്കുന്നു. ഏറെക്കുറെ എന്നാണർത്ഥം. രണ്ടു പദങ്ങൾ ചേർത്ത് അവയവാർത്ഥവുമായി ബന്ധമില്ലാത്ത അർത്ഥത്തിൽ പ്രയോഗിക്കുന്നത് മലയാളത്തിൽ അസാധാരണമല്ല.

6. **ഷർട്ട്**: 'Shirt' എന്ന ഇംഗ്ളീഷു പദം. ഇതിന് ഉടുപ്പ് **എന്നാണ് ഭാഷാപദം.** കുപ്പായം എന്ന പദം പ്രയോഗിക്കാറുണ്ട്. അത് കൂർപ്പാസം എന്ന സംസ്കൃതപദത്തിൽ നിന്നു വന്നതാണ്. ഉടുപ്പ് എന്ന പദം 'ഉടുക്കുക' **എന്ന ക്രിയയിൽ നിന്നുണ്ടായതാണ്**. ഷർട്ടിൽ **'ഉടുക്കൽ'** എന്ന പ്രവൃത്തിയുമായി **ബന്ധമില്ലാതാനും.**

7. **വരാന്ത:** 'Varanda' എന്ന പോർച്ചുഗീസ് പദം അതേപടി ഉപയോഗിക്കുന്നു. വീടിൻെറ മുമ്പിലോ ചുററിനോ ഉള്ള തിണ്ണ എന്നാണർത്ഥം. 'ഇറയം' എന്ന പദവും പ്രയോഗത്തിലുണ്ട്. ഇന്ന് വരാന്ത എന്ന പദത്തിന് പ്രചാരം അധികം.

8. **യഥാതഥപ്രസ്ഥാനം:** സാഹിത്യത്തിലെ ഒരു പ്രസ്ഥാനം. 'എങ്ങനെയോ അങ്ങനെ' എന്നാണർത്ഥം.

9. **മനസാ:** വളരെ ചുരുക്കം സന്ദർഭങ്ങളിൽ മലയാളത്തിൽ സംസ്കൃതപദം സംസ്കൃതപ്രത്യയത്തോടുകൂടിത്തന്നെ ഉപയോഗിക്കുന്നു. അങ്ങനെയുള്ള ഒരു പ്രയോഗമാണ് 'മനസാ'. 'വാചാ', 'കർമ്മണാ', 'ജന്മനാ' എന്നൊക്കെ പ്രയോഗിക്കാറുണ്ടല്ലോ.

## പുരോഗതി സ്വയം പരിശോധിക്കുക—2

ആ) 2) 1. ബാലകൃഷ്ണപിള്ള എന്തിനാണ് സദാ സന്നദ്ധനായിരുന്നത്?

2. സാഹിത്യയശഃപ്രാർത്ഥിയായ യുവാവിന് കേസരി എന്തു നല്കി?

3. ഇടയ്ക്കിടയ്ക്കുള്ള സന്ദർശന വേളയിൽ കേസരി തകഴിയ്ക്ക് എന്താണ് നല്കിയത്?

# 16.7 പുരോഗതി സ്വയം പരിശോധിക്കുക-ഉത്തരം

അ) 1) 1. ആത്മകഥ

2. ഗുണസന്ധി

3. പ്രജ്ഞൈകസാരഥി

4. കുറഞ്ഞു
5. തദ്ധിതം

2) 1. കവികളും ...................... പ്രസാധകന്മാരും.
2. വിശ്വനാഥയ്യർ
3. ഭാവനയുടെ
4. കുറെക്കൂടി ഉന്മിഷിതവും
കുറെക്കൂടി തരളവും
കുറെക്കൂടി ഹൃദയംഗമവും
5. മാനസികചലനത്തിന്

ആ) 2) 1. ചെറുപ്പക്കാരായ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ.
2. ആവശ്യം വായിക്കേണ്ട പുസ്തകങ്ങളുടെ ഒരു പട്ടിക.
3. ഉചിതമായ നിർദ്ദേശങ്ങളും, 'ബെൽ അമി' എന്ന ഫ്രഞ്ചു ഗ്രന്ഥത്തിന്റെ തർജ്ജുമയായ 'കാമുകൻ' എന്ന കൃതിയ്ക്ക് മുഖവുരയായി എഴുതിയ പ്രബന്ധവും.